**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 626** **31.10.2016-ൽ മറുപടിക്ക്**

## സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുവാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സി.ജോസഫ്<br>ശ്രീ. പി.ടി.തോമസ്<br>ശ്രീ. അനിൽ അക്കര<br>ശ്രീ. വി.ടി.ബൽറാം | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുവാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (എ) കാര്യക്ഷമവും സുതാര്യവും അഴിമതി രഹിതവുമായ സിവിൽ സർവ്വീസ് നടപ്പിലാക്കുന്നതിനായി വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഇ-ഗവേണൻസ്, എം-ഗവേണൻസ് എന്നിവ വ്യാപകമായി നടപ്പിലാക്കി വരുന്നു. ഇ-ഓഫീസ് സംവിധാനം ഫയൽ നീക്കം കാര്യക്ഷമവും സുതാര്യവുമാക്കുന്നു. സർക്കാർ ജീവനക്കാരുടെ കാര്യക്ഷമതയും തൊഴിൽപരമായ കഴിവും വർദ്ധിപ്പിക്കുന്നതിനു വേണ്ടി വിവിധ തരത്തിലുള്ള പരിശീലനം നൽകി വരുന്നു. കാര്യക്ഷമമായ സിവിൽ സർവ്വീസ് എന്ന ലക്ഷ്യത്തോടെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഭരണനിർവ്വഹണത്തിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനായി 4- ാമത് ഭരണപരിഷ്കാര കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. സേവനം യഥാസമയം ജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സേവനാവകാശ നിയമം നടപ്പിലാക്കി വരുന്നു. പൗരാവകാശരേഖ പുറപ്പെടുവിച്ച് ഇതു സംബന്ധിച്ച വിവരങ്ങൾ ജനങ്ങൾക്ക് നൽകി വരുന്നു. വിവരാവകാശ നിയമം കർശനമായി പ്രാവർത്തികമാക്കുന്നതിൽ കൂടി വിശ്വസ്തതയും സുതാര്യതയും ഉറപ്പുവരുത്താൻ കഴിയുന്നുണ്ട്. |

| | |
|---|---|
| (ബി) ഓഫീസ് ഭരണം കൃത്യനിഷ്ഠയോടെയും കാര്യക്ഷമമായും ആണോ നടക്കുന്നതെന്ന് പരിശോധിക്കുവാനുള്ള സംവിധാനം എന്താണ് ; | (ബി) ജീവനക്കാരുടെ കൃത്യനിഷ്ഠ ഉറപ്പ് വരുത്തുന്നതിനായി എല്ലാ വകുപ്പുകളിലും ബയോമെട്രിക് പഞ്ചിംഗ് സമ്പ്രദായം നടപ്പിലാക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) ജീവനക്കാർക്ക് കൃത്യസമയത്ത് ഓഫീസിൽ എത്തുന്നതിനും തിരികെ പോകുന്നതിനും സഹായകരമാകുന്ന രീതിയിൽ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനും കാര്യക്ഷമമായ യാത്രാ സൗകര്യം ഒരുക്കുന്നതിനും എന്ത് സംവിധാനമാണ് ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (സി) പൊതുഗതാഗത സംവിധാനം നൽകുന്ന ഒരു സ്ഥാപനമെന്ന നിലയിൽ കെ.എസ്.ആർ.ടി.സി കഴിയുന്നത്ര സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുകയും ഓഫീസ് സമയത്തിനനുസരിച്ച് ഷെഡ്യൂളുകൾ ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. ഗതാഗതക്കുരുക്ക് കണക്കിലെടുത്ത് നഗരാതിർത്തിയിലുള്ള ഓഫീസുകളിൽ സമയം ക്രമീകരിച്ചിട്ടുണ്ട്. |

Juri R

സെക്ഷൻ ഓഫീസർ